**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3471** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഭാഷാദ്ധ്യാപക തസ്തിക നിർണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കെ.ഇ.ആർ. ചാപ്റ്റർ 23 റൂൾ 6(2) പ്രകാരമുള്ള ലോവർ പ്രൈമറി ചേർന്നുള്ള അപ്പർ പ്രൈമറി സ്കൂളിലെ ഒന്നു മുതൽ നാല് വരെ ക്ലാസുകളിലെ അറബി ഭാഷാ അദ്ധ്യാപകരെ ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) എന്ന അദ്ധ്യാപക തസ്തികയിൽ നിയമനാംഗീകാരം ലഭിച്ച് ശമ്പളം കൈപ്പറ്റുന്ന ഒരു അദ്ധ്യാപകന്റെ /അദ്ധ്യാപികയുടെ തസ്തികയുടെ പേര് അടുത്തവർഷം അഞ്ചാം തരത്തിൽ അറബിക് പഠനം ആരംഭിക്കുമ്പോൾ ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (യു. പി) എന്നായി മാറുകയും ആകെ 20 പീരിയഡ് ജോലിവരികയും ചെയ്യുമെങ്കിലും രണ്ടാമത് ഒരു അറബിക് ടീച്ചർ തസ്തിക ഉണ്ടാകുന്നില്ലെന്നിരിക്കെ അഞ്ചാം ക്ലാസിൽ അറബി പഠനം ആരംഭിക്കുവാനും ഒരു അറബിക് ഡിവിഷൻ അനുവദിക്കാനുമുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; | (എ) | പീരീഡ് അടിസ്ഥാനത്തിലാണ് ഭാഷാ പഠനത്തിനു തസ്തികകൾ അനുവദിക്കുന്നത്. അഞ്ചാം ക്ലാസ്സിൽ 12 കുട്ടികൾ മിനിമം ഉണ്ടെങ്കിൽ അറബി പഠനം ആരംഭിക്കാനും, കെ.ഇ.ആർ. അധ്യായം 23 ചട്ടം 6(2)-III (C) പ്രകാരം തസ്തിക അനുവദിക്കാനും കഴിയും. ലോവർ പ്രൈമറി ചേർന്നുള്ള അപ്പർ പ്രൈമറി സ്കൂളിലെ അറബി പഠനത്തിനായി 25 പീരീഡിൽ താഴെയും എന്നാൽ അപ്പർ പ്രൈമറി വിഭാഗത്തിൽ നാലിൽ കൂടുതൽ പീരീഡ് ഉണ്ടെങ്കിൽ അപ്പർ പ്രൈമറി വിഭാഗത്തിൽ തസ്തിക അനുവദിക്കും. |
| (ബി) | ഇത്തരം സ്കൂളുകളിൽ അഞ്ചാം തരത്തിൽ അറബിക് പഠനം ആരംഭിക്കുവാനും ഒരു അറബിക് ഡിവിഷൻ അനുവദിക്കാനും തസ്തിക നിർണ്ണയത്തിലെ അനുബന്ധം lll പൂരിപ്പിച്ച് വിദ്യാഭ്യാസ ഓഫീസർ സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കേണ്ടതുണ്ടോ; വിശദമാക്കുമോ; ഇപ്രകാരം അനുബന്ധം lll ശിപാർശ സർക്കാരിലേക്ക് അയയ്ക്കുന്ന മുറക്ക് നിലവിലുള്ള ലോവർ പ്രൈമറി തസ്തിക നഷ്ടപ്പെടുമോ; പ്രസ്തുത എൽ. പി. അദ്ധ്യാപകൻ സംരക്ഷ ആനുകൂല്യമില്ലാത്തയാളും യു. പിയിൽ പഠിപ്പിക്കാൻ യോഗ്യതയുള്ളയാളുമാണെങ്കിൽ സർവീസിൽ നിന്നും പിരിച്ചുവിടപ്പെടുമോ; | (ബി) | ലോവർ പ്രൈമറിയിൽ നിലനിന്നിരുന്ന അറബിക് തസ്തിക അപ്പർ പ്രൈമറിയിലെ അറബിക് തസ്തിക ആയി മാറുമ്പോൾ മൊത്തം തസ്തികയിൽ മാറ്റം വരാത്തതിനാൽ അധിക തസ്തിക ആയി വ്യാഖ്യാനിക്കേണ്ടതില്ല എന്ന് സർക്കാർ ചില വ്യക്തിഗത റിവിഷൻ ഹർജികൾ പരിഗണിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് ഒരു പൊതു സർക്കാർ നിർദ്ദേശം നിലവിലില്ല. ഇത്തരത്തിൽ ലോവർ പ്രൈമറി വിഭാഗത്തിൽ തസ്തിക മാറി അപ്പർ പ്രൈമറി വിഭാഗത്തിൽ തസ്തിക വരുമ്പോൾ, പ്രസ്തുത ലോവർ പ്രൈമറി അധ്യാപകന് അപ്പർ പ്രൈമറിയിൽ ചട്ട പ്രകാരമുള്ള അവകാശവും യോഗ്യതയും ഉണ്ടെങ്കിൽ ഭാഷാ അധ്യാപകൻ(അറബിക്) അപ്പർ പ്രൈമറി ആയി നിയമനം നൽകാവുന്നതുമാണ്. |
| (സി) | അത്തരം സാഹചര്യത്തിൽ പുതിയ തസ്തിക അനുവദിച്ചു കിട്ടുന്നതുവരെ ആ വിദ്യാലയത്തിൽ 1 | (സി) | അധിക തസ്തിക ആയി കണക്കാക്കാതെയിരുന്നാൽ ഇത്തരം സാഹചര്യം ഉണ്ടാകുന്നില്ല. |

| | | | |
|---|---|---|---|
| | മുതൽ 5 വരെ ക്ലാസുകളിൽ അറബിക് പഠിപ്പിക്കാനുള്ള സംവിധാനമെന്താണ്; കുട്ടികളുടെ ക്ലാസ് കയറ്റത്തിലൂടെ അവർ പഠിച്ചു കൊണ്ടിരിക്കുന്ന ഭാഷാപഠനം യു.പി ക്ലാസിൽ എത്തുന്നതു കാരണം നഷ്ടപ്പെടുകയും തസ്തിക നഷ്ടപ്പെടുന്നതുമൂലം ആ വിദ്യാലയത്തിൽ അറബി പഠിക്കുവാൻ പകരം സംവിധാനം ഇല്ലാതിരിക്കുന്നതും കുട്ടികളുടെ അവകാശനിഷേധം അല്ലേയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | ഒരു വിദ്യാലയത്തിൽ പുതിയ ഡിവിഷൻ വന്നതുമൂലം പുതിയ പോസ്റ്റ് സൃഷ്ടിക്കപ്പെടുന്നില്ലെങ്കിൽ ആ വിദ്യാലയത്തിൽ തസ്തിക നിർണയം നടത്താൻ വിദ്യാഭ്യാസ ഓഫീസറുടെ സർപ്രൈസ് വിസിറ്റും വെരിഫിക്കേഷനും ആവശ്യമുണ്ടോ; ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.) തസ്തിക ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി. തസ്തികയായി മാറുമ്പോൾ അവിടെ തസ്തികയുടെ കാറ്റഗറി മാറുന്നുണ്ടോ; | (ഡി) | ഏതെങ്കിലും ക്ലാസ്സിൽ അധിക ഡിവിഷൻ വന്നാലും വിദ്യാഭ്യാസ അഫീസറുടെ വിസിറ്റ് ആവശ്യമാണ്. കെ.ഇ.ആർ അധ്യായം 23 ചട്ടം 3(5) പ്രകാരം എല്ലാ വിഭാഗം ലാംഗ്വേജ് ടീച്ചർമാരും ഒരേ കാറ്റഗറിയിൽ തന്നെയാണ് വരുന്നത്. |
| (ഇ) | കെ.ഇ.ആർ. ചാപ്റ്റർ 23 റൂൾ 6(2) പ്രകാരമുള്ള വിദ്യാലയത്തിൽ ഒരേ സമയത്ത് തന്നെ ഒന്നാം തരത്തിലും അഞ്ചാം തരത്തിലും അറബിക് ഭാഷാപഠനം ആരംഭിക്കുന്നതിന് നിയമതടസ്സമുണ്ടോ; എങ്കിൽ ആ വിദ്യാലയത്തിൽ അഞ്ചാംതരത്തിൽ ചേരുന്ന പുതിയ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട അവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | നിയമതടസ്സമില്ല. |

സെക്ഷൻ ഓഫീസർ